അച്ചടി വകുപ്പിൽ അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങിയ ജീവനക്കാർ

167 (2440) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ അന്തർ ജില്ലാ സ്ഥലം മാറ്റം വാങ്ങിയ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഓരോരുത്തരുടേയും റിക്രൂട്ടിംഗ് ജില്ലയും സ്ഥലം മാറിപ്പോയ ജില്ലയും, ഏതെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ല റിക്രൂട്ടിംഗ് ബോർഡിൽ കോപ്പി ഹോൾഡറായി പ്രവേശിച്ച എത്ര ജീവനക്കാർ 1982-83 വർഷങ്ങളിൽ എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റം വാങ്ങിപ്പോയി എന്ന് പേരുസഹിതം വെളിപ്പെടുത്തുമോ ;

(ഡി) ഇതുമൂലം എറണാകുളം ജില്ലയിൽ ഉണ്ടായിരുന്ന ആർക്കെങ്കിലും ജോലി നഷ്ടപ്പെട്ടുവോ എന്നും സ്ഥലം മാറിപ്പോയവർക്ക് സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും ജോലി നഷ്ടപ്പെട്ടവർക്ക് സർവ്വീസ് ബ്രേക്ക് വന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഇ) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) അന്തർ ജില്ലാ സ്ഥലം മാറ്റം ജീവനക്കാർ ആവശ്യപ്പെടാതെ നൽകാറുണ്ടോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ജി) ഇപ്പോൾ ഡി.ആർ.ബി. റിക്രൂട്ട് ചെയ്ത എത്രപേർ അദർ ഡ്യൂട്ടിയിൽ മറ്റു ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് അറിയിക്കാമോ ;

(എച്ച്) ഇവരുടെ റിക്രൂട്ടിംഗ് ജില്ലയും ഇപ്പോൾ അവർ അദർ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്ന ജില്ലയും ഓരോരുത്തരും ഏത് ജില്ലാക്കാരാണെന്നും എന്തടിസ്ഥാനത്തിലാണ് അദർ ഡ്യൂട്ടി നൽകിയതെന്നുമുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നല്കുന്നതാണ്.

(എഫ്) നൽകിയിട്ടുണ്ട്. പൊതു താല്പര്യം പരിഗണിച്ച് ജീവനക്കാർ ആവശ്യപ്പെടാതെ അന്തർ ജില്ലാ സ്ഥലം മാറ്റം നല്കിയിട്ടുണ്ട്.

(ജി&എച്ച്) വിവരം ശേഖരിച്ചു നല്കുന്നതാണ്.

സർക്കാർ പ്രസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

168 (2447) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളിലെ യന്ത്രസാമഗ്രികളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ പ്രസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ആധുനികവൽക്കരണവും കംപ്യൂട്ടർവൽക്കരണവും വഴി സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം നവീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഉമയനല്ലൂർ പ്രിന്റിംഗ് പ്രസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പ്രസ്സ് കെട്ടിടത്തിന് കല്ലിട്ട സ്ഥാനത്ത് നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സർക്കാർ പ്രസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന്റെയും ഭാഗമായി പഴയ സാങ്കേതിക വിദ്യയായ ലെറ്റർ പ്രസ്സ് ടെക്നോളജിയെ ഘട്ടംഘട്ടമായി ആധുനിക ഓഫ്സെറ്റ് ടെക്നോളജിയിലേക്ക് പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. വാഴൂർ, കോഴിക്കോട്, വയനാട്, എറണാകുളം എന്നിവിടങ്ങളിലെ സർക്കാർ പ്രസ്സുകൾക്ക് പുതിയ കെട്ടിടവും ആധുനിക യന്ത്രസാമഗ്രികളും വാങ്ങിയിട്ടുണ്ട്. മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ സ്കാനർ, ഡി.റ്റി.പി. ഫൈവ് കളർ മെഷീൻ എന്നിവ സ്ഥാപിച്ചു കഴിഞ്ഞു. ഗവ. സെൻട്രൽ പ്രസ്സ്, ഷൊർണ്ണൂർ ഗവ. പ്രസ്സ് എന്നിവിടങ്ങളിൽ ഭാഗികമായി ആധുനികവൽക്കരണം നടത്തിയിട്ടുണ്ട്. കണ്ണൂർ ഗവ. പ്രസ്സും എറണാകുളം ഗവ. പ്രസ്സും നവീകരിക്കുന്നതിന് ആവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ&എഫ്) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

ഹോങ്കോങ്ങിൽ നടന്ന ലോക യുവജന സമ്മേളനം

169 (2448) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകാരോഗ്യസംഘടനയുടെ ആഭിമുഖ്യത്തിൽ ഹോങ്കോങ്ങിൽ നടന്ന ലോകയുവജന സമ്മേളനത്തിൽ കേരളത്തിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ആരൊക്കെയാണ് കേരളത്തെ പ്രതിനിധീകരിച്ച് പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തത് ;

LIBRARY ARCHIVES Kerala Legislative Assembly